കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (എസി) വകുപ്പ്

തിരുവനന്തപുരം, തീയതി: 07.07.2011.

നം.28691/എസി2/08/തസ്വഭവ.

## സർക്കുലർ

വിഷയം: തസ്വഭവ- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പണവിനിയോഗം - പദ്ധതി പണം കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2009-11) യുടെ ഇരുപത്തി രണ്ടാമത് റിപ്പോർട്ട് - ശുപാർശ - പുതുക്കിയ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന: 1. ധനകാര്യവകുപ്പിന്റെ 12.4.2006-ലെ സ.ഉ (പി)നം.177/2006/ധന നമ്പർ ഉത്തരവ്.

2. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2009-11) യുടെ 22-ാമത് റിപ്പോർട്ടിലെ 6-ാം നമ്പർ ശുപാർശ.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-2003 മുതൽ 2004-05 വരെയുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ കണ്ണൂർ ജില്ലയിലെ ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിൽ 99-2000 വർഷം നടപ്പാക്കിയ ഹാച്ചറി പ്രോജക്ടുകളുടെ സീഡ് മണി ഇനത്തിലെ 1,50,000/- രൂപ, ഹാച്ചറിയുടെ ചുമതലയുള്ള സീനിയർ വെറ്ററിനറി സർജന് അനുവദിച്ചുവെന്നും ആയതിൽ 25,000/- രൂപ പണമായിട്ടും 1,25,000/- രൂപ ചെക്ക് മുഖേനയും ആണെന്ന് കണ്ടെത്തിയിരുന്നു. 25,000/- രൂപ നിർവഹണോദ്യോഗസ്ഥൻ പണമായി തന്നെ കൈവശം വച്ച് ചെലവഴിച്ചുവെന്നും 1,25,000/- രൂപ മുൻവർഷത്തെ നിലവിലുണ്ടായിരുന്ന പ്ലാൻ പി.ഡി അക്കൗണ്ടിലേക്ക് വരവ് വച്ച് അതിൽ നിന്ന് സെൽഫ് ചെക്ക് മുഖേന മുഴുവൻ തുകയും പിൻവലിച്ചതായും ഓഡിറ്റിൽ പരാമർശമുണ്ടായിരുന്നു. ടി തുകയുടെ ചെലവുകളുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ വെറ്ററിനറി സർജൻ അനധികൃതമായി പൊതുപണം പിൻവലിച്ച് കൈവശം സൂക്ഷിച്ചിരുന്നതായി ബോധ്യപ്പെടുകയും ആയത് നിലവിലുള്ള ധനവിനിയോഗ ചട്ടങ്ങളുടെ ലംഘനവും അതീവ ഗുരുതരമായ സാമ്പത്തിക ക്രമക്കേടും ദുർവിനിയോഗവുമാണെന്നും ഓഡിറ്റ് കണ്ടെത്തിയിരുന്നു. ഇക്കാര്യത്തിലുള്ള ഓഡിറ്റ് നിരീക്ഷണം സംബന്ധിച്ച് സർക്കാർ നൽകിയ മറുപടി കൂടി പരിശോധിച്ച ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2009-11), കണ്ണൂർ ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച് തയ്യാറാക്കിയ 22-ാം റിപ്പോർട്ടിൽ (2009 ജൂലൈ 6-ാം തീയതി സഭയിൽ സമർപ്പിച്ചത്), പ്രോജക്ട് നടപ്പാക്കുന്നതിനുള്ള സീഡ് മണി നിർവഹണോദ്യോഗസ്ഥന് പണമായി നൽകിയ ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ നടപടി ചട്ടങ്ങൾക്കും നിലവിലുള്ള മാനദണ്ഡങ്ങൾക്കും വിരുദ്ധമാണെന്ന് വിലയിരുത്തുകയുണ്ടായി.

2. ഇത്തരത്തിൽ നിയമവിരുദ്ധമായി പദ്ധതി പണം ക്യാഷായി നൽകുക മൂലം നിർവഹണോദ്യോഗസ്ഥന് പണം യഥേഷ്ടം ദുരുപയോഗം ചെയ്യുന്നതിന് വഴിയൊരുക്കുകയുണ്ടായെന്നും അതുവഴി സർക്കാർ പണം എല്ലാ മാനദണ്ഡങ്ങളും കാറ്റിൽ പറത്തി കൈവശം വച്ച് അനുഭവിക്കുന്നതിന് അവസരം സൃഷ്ടിച്ചുവെന്നും സമിതി കണ്ടെത്തി. ആയതിനാൽ പദ്ധതി പണം മേലിൽ നിർവഹണോദ്യോഗസ്ഥന് ക്യാഷായി നൽകരുതെന്നും ചെക്കായി മാത്രമേ നൽകാവൂയെന്നും ടി തുക ട്രഷറിയിലോ ബാങ്കിലോ നിക്ഷേപിച്ച് ആവശ്യാനുസരണം വിനിയോഗിക്കണമെന്നും ദീർഘകാലം പണം കൈവശം വയ്ക്കാൻ അനുവദിക്കരുതെന്ന് കർശന നിർദ്ദേശം നൽകണമെന്നും നിയമസഭാ സമിതി സൂചന രണ്ട് പ്രകാരം ശുപാർശ ചെയ്തിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ധനകാര്യ വകുപ്പിൻെറ സൂചന ഒന്നിലെ ഉത്തരവനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ട്രഷറിയിൽ നിന്നും പണം പിൻവലിക്കുന്നത് സംബന്ധിച്ച് പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിലെ മാർഗനിർദ്ദേശങ്ങൾക്കനുസരിച്ചാണ് സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ പദ്ധതി നിർവ്വഹണത്തിനുള്ള പണം പിൻവലിക്കുകയും ചെലവഴിക്കുകയും ചെയ്യുന്നത്. ഈ ഉത്തരവിലെ മാർഗനിർദ്ദേശങ്ങളനുസരിച്ച് കാറ്റഗറി എ,ബി, സി എന്നീ ഇനം ഫണ്ടുകൾ ഇംപ്ലിമെന്റിംഗ് ഓഫീസർ അലോട്ടുമെൻറ് ലെറ്റർ, ചെലവിനുള്ള അനുമതിപത്രം, വൗച്ചറുകളുടെ അസ്സൽ, ഇൻവോയിസ്/ചെലവ്സ്റ്റേറ്റ്മെന്റ് എന്നിവ സഹിതം ബില്ല് മുഖേന മാത്രമേ ട്രഷറിയിൽ നിന്ന് പണം പിൻവലിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ കൃത്യമായി ആവശ്യമുള്ള തുക മാത്രമെ മാറാൻ പാടുള്ളൂവെന്നും മുൻകൂറായി മാറരുതെന്നും മാർഗനിർദ്ദേശങ്ങളിൽ അനുശാസിക്കുന്നുണ്ട്. ആയതിനാൽ സൂചന ഒന്ന് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി മാത്രമെ നിർവഹണോദ്യോഗസ്ഥർക്ക് പദ്ധതി നിർവ്വഹണത്തിനുള്ള പണം അനുവദിക്കാവൂ എന്നും ആവശ്യത്തിലധികമായി തുക പിൻവലിക്കേണ്ട സാഹചര്യം ഉണ്ടാവുകയാണെങ്കിൽ ഇപ്രകാരം അധികം പിൻവലിക്കുന്ന തുക ട്രഷറിയിൽ ഉടൻതന്നെ തിരിച്ചടയ്ക്കേണ്ടതാണെന്നും ഇതിനാൽ നിർദ്ദേശിച്ചുകൊള്ളുന്നു. ഈ മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും കർശനമായി പാലിക്കേണ്ടതാണ്.

രാജേഷ് കുമാർ സിംഗ്,
സെക്രട്ടറി

സെക്രട്ടറി/കേരള നിയമസഭ (ആമുഖ കത്ത് സഹിതം)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
(ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.)

ധനകാര്യ വകുപ്പ്.
തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.

ഡയറക്ടർ, കില, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ.

ഡയറക്ടർ, ഐ.കെ.എം. പ്രതീക്ഷാ ടവേഴ്സ്, പാങ്ങപ്പാറ പി.ഒ,
തിരുവനന്തപുരം-695 581 (തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും മറ്റ് സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

ഡയറക്ടർ, I& PRD (ആവശ്യമായ പത്ര പ്രസിദ്ധീകരണത്തിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.